# മാവ് മുത്തശ്ശിയുടെ വിലാപം

*-അൻഫിയ . എസ് , ക്ലാസ് - 4 ; ബ്രഹ്മാനന്ദ വിലാസം എൽ.പി.എസ്, ആനാരി*



സ്കൂൾ മുറ്റത്തു ദുഖിച്ചു നിൽക്കുന്ന മാവു മുത്തശ്ശിയുടെ അടുത്തേയ്ക്കു മീനു പ്രാവ് പറന്നു ചെന്നു .

" എന്താ മുത്തശ്ശി വിഷമിച്ചിരിക്കുന്നെ ? "

" അല്ലാ ഇതാരാ മീനു പ്രാവോ .? എന്താ മീനു പ്രാവേ ഈ വഴിയൊക്കെ.???

" എന്തു പറയാനാ മുത്തശ്ശി..! എന്റെ മക്കൾക്ക് ആഹാരം അന്വേഷിച്ചു ഇറങ്ങിയതാണ്. കുറച്ചു ദിവസങ്ങളായി ഞാനും എന്റെ മക്കളും പട്ടിണിയിലാണ് . സ്കൂളിലെ കുട്ടികളെ ഒന്നും ഇവിടെ കാണുന്നില്ല..!!! "

“ അവർ കഴിച്ചതിന്റെ ബാക്കി ആയിരുന്നല്ലോ ഞങ്ങളുടെ ആഹാരം. ഞാനും മക്കളും വിഷമത്തിലാണ് മുത്തശ്ശി… “

“ഞാനും അങ്ങനെ തന്നെ ആണ് മീനു പ്രാവേ … !

“അവരുടെ  കളിയും ചിരിയും എന്നെ ചുറ്റിയുള്ള ഓട്ടവും ഇല്ലാതായിട്ട് എത്ര ദിവസങ്ങളായി.!!

“ നീ കണ്ടില്ലേ !! ഞാൻ നിറയെ മാമ്പഴവുമായി നിൽക്കുന്നത് “

“ കുട്ടികൾ ഉണ്ടായിരുന്നെങ്കിൽ ഒരെണ്ണം പോലും കാണില്ലായിരുന്നു . എന്താണാവോ അവർക്കൊക്കെ പറ്റിയത് …??

“ നീ  കണ്ടില്ലേ അച്ചു പട്ടിയും കുഞ്ഞുങ്ങളും കിടക്കുന്നത്. അവരാണിപ്പോൾ എനിക്ക് കൂട്ട് .

“അവരും ഇപ്പോ പട്ടിണിയിലായിരിക്കും അല്ലെ മുത്തശ്ശി ??

“ ആ അതെ..അതെ….!!

“ ട്രെയിനുകളുടെയും വണ്ടികളുടെയും ശബ്ദം എങ്ങും കേൾക്കാനില്ല ! എല്ലാവർക്കും എന്ത് പറ്റിയോ ?? “

“ ദാ..  മുത്തശ്ശി ആരോ ഒരാൾ ഇങ്ങോട്ട് വരുന്നുണ്ടല്ലോ !!

“ ശരിയാണല്ലോ മീനു പ്രാവേ!!  നമ്മൾ ഇതുവരെ ഇവിടെ എങ്ങും കണ്ടിട്ടില്ലല്ലോ.?

“ നീ ആരാ..? നീ എന്തിനാ ഇവിടേയ്ക്ക് വന്നത്.. ??  “

“ ഞാനാണു  **കോവിഡ്-19** എന്ന മാരക രോഗം ഉണ്ടാകുന്ന കൊറോണ വൈറസ്. എന്റെ ഈ രോഗം ബാധിച്ച് ഒരുപാട് മനുഷ്യർ മരണപ്പെട്ടു . “

“നീ എന്തിനാണു ഇങ്ങനെ മനുഷ്യരെ ഉപദ്രവിക്കുന്നത്.. ?? “

“അവർ നിന്നോട് എന്ത് തെറ്റാണു ചെയ്തത് ….???

“ അങ്ങനെ പറയല്ലേ  മുത്തശ്ശി !! ഞാൻ വരാൻ  കാരണം ഈ മനുഷ്യർ തന്നെയാണ്. പ്രകൃതി മുഴുവനും മലിനമാക്കിയതുകൊണ്ടാണ് എനിക്ക്  ഈ വൈറസ് രൂപത്തിൽ വരേണ്ടി വന്നത്. ”

“ മുത്തശ്ശി കാണുന്നില്ലേ ...! വണ്ടികളുടെയും ട്രെയിനുകളുടെയും ഒച്ചയും പുകയും ഒന്നും ഇല്ലാതായപ്പോൾ അന്തരീക്ഷം എത്ര ശാന്തമാണ്. ഇനിയെങ്കിലും മനുഷ്യർ ഒന്നു പഠിക്കട്ടെ !! “

“ മീനു പ്രാവേ .. നിനക്കൊന്നും പറയാനില്ലേ ?? “

“ എന്ത്  പറയാനാ മുത്തശ്ശി ഞാൻ. “

“ ഞങ്ങൾക്ക് ഇനി സ്വാതന്ത്ര്യത്തോടെ പറക്കാമല്ലേ !! എന്നാലും എല്ലാ പ്രശ്നങ്ങളും പെട്ടെന്ന് ഒന്നു തീർന്നാൽ മതിയായിരുന്നു ..!! എല്ലാവരും ഇനിയെങ്കിലും സുഖത്തിലും സന്തോഷത്തിലും കഴിയട്ടെ . “

“ എനിക്ക് എന്റെ കുഞ്ഞുങ്ങളെ കാണാൻ  കൊതിയാവുന്നു . അവർ പെട്ടെന്നു തന്നെ എന്റെ അരികിൽ ഒന്ന് വന്നിരുന്നെങ്കിൽ എനിക്ക് സന്തോഷമായേനെ  !!

മാവ് മുത്തശ്ശി നെടുവീർപ്പിട്ടു .!

□□□□□□□□□□□□□□□